(ബി) ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും ക്രമാനുഗതമായ വർദ്ധനവാണ് കണ്ടുവരുന്നത്.

(സി) 'നാളികേര വികസനം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം തെങ്ങിൻ തോട്ടങ്ങളിൽ ജലസേചനം, ശാസ്ത്രീയ വള പ്രയോഗം എന്നീ ഘടകങ്ങളും, നാളികേര ബോർഡ് മുഖേന നടപ്പാക്കുന്ന 'ചെറുകിട തോട്ടങ്ങളിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംയോജിത പരിപാടി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും നടപ്പാക്കി വരുന്നു.

## കാർഷിക സെൻസസ്

131(1957)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂവിനിയോഗം കാർഷിക വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, ജലസേചനം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി കാർഷിക സെൻസസ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ സെൻസസ് എപ്പോൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ചുമതല ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 5 വർഷത്തിലൊരിക്കൽ നടത്തിവരുന്ന കാർഷിക സെൻസസിന്റെ 7-ാമതു സെൻസസ് 2001-ൽ നടത്തുന്നതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. (100% കേന്ദ്രസഹായപദ്ധതി)

(ബി) സെൻസസിന്റെ കാലാവധി കേന്ദ്രസർക്കാരാണ് നിശ്ചയിച്ചറിയിക്കുന്നത്.

(സി) സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിനെയാണ് സംസ്ഥാനത്തുള്ള ഈ സെൻസസ് നടത്തുവാനുള്ള ചുമതല ഏൽപ്പിച്ചിരിക്കുന്നത്.

## പ്ലാന്റേഷൻ കോർപ്പറേഷന്റെ വിസിറ്റിംഗ് ഏജന്റ്

132 (1958)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റുകൾ പരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു വേണ്ടി വിസിറ്റിംഗ് ഏജന്റിനെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരെയാണ് നിയമിച്ചിട്ടുള്ളത്; അദ്ദേഹത്തിന്റെ യോഗ്യതകൾ എന്തെല്ലാമാണ്; ഇതിനു മുമ്പ് അദ്ദേഹം എവിടെയാണ് ജോലി ചെയ്തിരുന്നത്; ഇദ്ദേഹം ശിക്ഷാ നടപടിയ്ക്കു വിധേയനായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കോർപ്പറേഷൻ അദ്ദേഹത്തിനു നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly